# മത്തായിയുടെ സുവിശേഷത്തിന്റെ

## ജീവ-പഠനം

### ദൂത് ഇരുപത്തിനാല്

## രാജ്യത്തിന്റെ ഭരണഘടനയുടെ വിളംബരം

## (12)

Tue ഈ ദൂതിൽ രാജാവിന്റെ വിളംബരത്തിന്റെ അവസാന ഭാഗത്തിലേക്ക്, 7:13-29-ലേക്ക്, നാം വരുന്നു.

## VII. രാജ്യജനത്തിന്റെ ജീവിതത്തിന്റെയും വേലയുടെയും അടിത്തറയെ സംബന്ധിച്ച്

7:13-29 വേദഭാഗം പരിഗണിക്കുന്നതിനുമുമ്പ്, ഈ ഭരണഘടനയിൽ നാം കണ്ടുകഴിഞ്ഞ കാര്യങ്ങളെക്കുറിച്ച് ഒരു അവലോകനം നടത്താം. സ്വർഗരാജ്യത്തിന്റെ ഭരണഘടന രാജ്യജനത്തിന്റെ ദിവ്യജീവനെയും പ്രകൃതത്തെയും അടിസ്ഥാന മാക്കിയാണെന്ന വസ്തുതയാൽ നാം ആഴത്തിൽ മതിപ്പുള്ളവരാ യിരിക്കണം. ഏതു ജനത്തിന്റെയും ഭരണഘടന എല്ലായ്പോഴും ആ ജനത്തിന്റെ ജീവനും പ്രകൃതത്തിനും അനുസരിച്ചാണെന്ന് നാം ഓർക്കണം. വീണ്ടുംജനിക്കുകയും, സ്വർഗീയ പിതാവിന്റെ ജീവനും പ്രകൃതവും സ്വന്തമാക്കുകയും ചെയ്യാതെ ഒരുവന് ഈ ഭരണഘടനയുടെ അനുശാസനകൾ നിറവേറ്റുവാൻ കഴിയുകയില്ല. മത്തായി 5 മുതൽ 7 വരെയുള്ള അധ്യായങ്ങളിലെ ചില വാക്യങ്ങൾ ഉദ്ധരിച്ചിട്ടുള്ള അവിശ്വസികളായ തത്ത്വചിന്തകന്മാരും ഉപദേഷ്ടാക്കന്മാരും അവർ ഉദ്ധരിച്ചിരുന്ന വചനങ്ങൾ മനസ്സിലാക്കി യിട്ടില്ല. ഈ ഭരണഘടന അവിശ്വാസികൾക്ക് നൽകപ്പെട്ടതല്ല. ഇത് രാജ്യജനത്തിന്റെ ആത്മികവും, സ്വർഗീയവും, ദിവ്യവുമായ ജീവനിലും പ്രകൃതത്തിലും അടിസ്ഥാനപ്പെട്ടിരിക്കുന്നതുകൊണ്ട്, രാജ്യജനത്തിനു മാത്രമേ അതിൻപ്രകാരം ജീവിക്കുവാൻ കഴിയുകയുള്ളൂ. കൂടാതെ, രാജ്യജനത്തിന്റെ ഉള്ളിലുള്ള ദിവ്യപ്രകൃതത്തിനും ദിവ്യജീവനും അനുസരിച്ച് അവർ ജീവിക്കുന്നില്ലെങ്കിൽ, ഈ ഭരണഘടനയുടെ അനുശാസനകൾ നിറവേറ്റുവാൻ അവർക്കുപോലും കഴിയുക യില്ല. രാജ്യജനത്തിന്റെ സ്വാഭാവിക ജീവനോ മാനുഷിക പ്രകൃതത്തിനോ അനുസരിച്ചല്ല ഈ ഭരണഘടന നൽകപ്പെട്ടത്.

ഞാൻ ആവർത്തിക്കട്ടെ, ഇത് ദിവ്യജീവനും ദിവ്യപ്രകൃതത്തിനും അനുസരിച്ച് രൂപപ്പെടുത്തിയിരിക്കുന്നു.

ഈ ഭരണഘടന, 5:3-12-ലെ ഒമ്പത് അനുഗ്രഹങ്ങളിൽ അനാവരണം ചെയ്തതുപോലെ, ഒന്നാമത് രാജ്യജനത്തിന്റെ പ്രകൃതത്തെ വെളിപ്പെടുത്തുന്നു. രാജ്യജനം എന്തു ചെയ്യണമെന്നും അവർ എങ്ങനെ പ്രവർത്തിക്കണമെന്നും വിവരിക്കുന്ന ഭരണഘടനയുടെ കാര്യങ്ങളെല്ലാം രാജ്യജനത്തിന്റെ പ്രകൃതത്തോട് ഒത്തിരിക്കുന്നു. രാജ്യജനം ചെയ്യുന്നതൊക്കെയും അവരുടെ പ്രകൃതത്തിന്റെ ഒരു ആവിഷ്കാരമാണ്. അവരുടെ പ്രവൃത്തികളും, പെരുമാറ്റവും, സംസാരവും, ബാഹ്യമായ ചെയ്തികളും അവരുടെ ദിവ്യജീവന്റെയും പ്രകൃതത്തിന്റെയും ആവിഷ്കാരമാണ്. അവരുടെ ഉള്ളിലുള്ളത് അവരുടെ ബാഹ്യമായ പെരുമാറ്റത്തിൽ പ്രത്യക്ഷപ്പെടുന്നു. അതുകൊണ്ട്, ഭരണഘടനയുടെ ഒന്നാമത്തെ ഭാഗമായ രാജ്യജനത്തിന്റെ പ്രകൃതത്തെ സംബന്ധിച്ച ഭാഗം വളരെ അടിസ്ഥാനപരമാണ്. രണ്ടാമത്തെ ഭാഗം ലോകത്തിന്മേലുള്ള രാജ്യജനത്തിന്റെ സ്വാധീനത്തെക്കുറിച്ച് പറയുകയും, മൂന്നാമത്തേത് സ്വർഗരാജ്യത്തിന്റെ പ്രമാണത്തോട് ഇടപെടുകയും ചെയ്യുന്നു. നാം കണ്ടതുപോലെ, പൂർണ്ണമാക്കുകയും മാറ്റുകയും ചെയ്ത എല്ലാ പ്രമാണങ്ങളും നമ്മുടെ കോപത്തെയും മോഹത്തെയും തുറന്നുകാണിക്കുന്നു. ആറാം അധ്യായത്തിൽ ആരംഭിച്ച്, സ്വർഗരാജ്യത്തിന്റെ ഭരണഘടന, രാജ്യജനം തങ്ങളുടെ നീതിപ്രവൃത്തികളിൽ ചെയ്യുന്ന രീതിയോട് ഇടപെടുവാനായി മുന്നോട്ടുപോകുന്നു. ഭരണഘടനയുടെ ഈ ഭാഗം സ്വയത്തെയും ജഡത്തെയും കുഴിച്ചിടുക്കുന്നു. ഇതിനെത്തുടർന്ന്, അടുത്ത ഭാഗം നമ്മോടു പറയുന്നത് യാതൊരു ആകുലചിന്തയുമില്ലാതെ രാജ്യജനം ഭൂമിയിൽ ജീവിക്കണം എന്നാണ്. നാം ഇവിടെ ആകുലചിന്തയ്ക്കു വേണ്ടിയുള്ളവരല്ല, മറിച്ച് നമ്മുടെ സ്വർഗീയ പിതാവിന്റെ കരുതലിൻകീഴിൽ നമ്മുടെ കർത്തവ്യം നിറവേറ്റുന്നതിനു വേണ്ടിയുള്ളവരാണ്. അവൻ നമുക്ക് ആഹാരം തരുകയും, വസ്ത്രം തരുകയും, നമ്മുടെ ആവശ്യങ്ങൾക്ക് സഹായം നൽകുകയും ചെയ്യും. എന്നിരുന്നാലും, ആകുലചിന്തയില്ലാതെ ദൈവോദ്ദേശ്യം നിർവഹിക്കുന്നതിനു വേണ്ടിയുള്ള നമ്മുടെ ഉത്തരവാദിത്വം നാം നിറവേറ്റണം. മറ്റുള്ളവരോട് നമുക്കുണ്ടായിരിക്കേണ്ട മനോഭാവത്തെയും, അവരോട് നാം എങ്ങനെ ഇടപെടണം എന്നതിനെയും, അവരെ നാം എങ്ങനെ കരുതണം എന്നതിനെയുംകുറിച്ച് 7:1-12-ൽ ഭരണഘടന വെളിപ്പെടുത്തുന്നു. 7:12-ൽ നാം എത്തുമ്പോഴേക്കും, നമ്മുടെ ജീവിതത്തിന്റെയും പെരുമാറ്റത്തിന്റെയും മിക്കവാറും എല്ലാ വശവും പരാമർശിച്ചു കഴിഞ്ഞു. ഭരണഘടന ഇപ്പോൾ പൂർണ്ണവും, തികഞ്ഞതും, സർവവും-ഉൾക്കൊള്ളുന്നതും ആണെന്നു തോന്നുന്നു.

എങ്കിലും, ഒരു കാര്യം പരാമർശിക്കുവാൻ ബാക്കിയുണ്ട്: നമ്മുടെ പിതാവായ ദൈവത്തിന്റെ ഹിതം ചെയ്യുകൊണ്ട് രാജ്യജനം ഭൂമിയിലാണ് എന്ന വസ്തുത. തന്മൂലം, അവസാനത്തെ ഭാഗത്തിൽ കോപത്തോടോ, മോഹത്തോടോ, സ്വഭാവിക ആളത്തത്തോടോ, സ്വയത്തോടോ, ജഡത്തോടോ, ആകുലചിന്തയോടോ, മറ്റുള്ളവരോടുള്ള നമ്മുടെ മനോഭാവത്തോടോ ഉള്ള യാതൊരു ഇടപെടലുമില്ല. പകരം, ഈ ഭാഗത്ത് ഇടുക്കമുള്ള കവാടത്തിൽ പ്രവേശിക്കുകയും, ഞെരുക്കമുള്ള വഴിയിൽ നടക്കുകയും ചെയ്യു ന്നതിനെക്കുറിച്ച് നാം വായിക്കുന്നു (7:13-14). നാം ഒരു വീടു പണിയണമെന്നും സ്വർഗീയ പിതാവിന്റെ ഹിതം ചെയ്യണമെന്നും നാം കാണുന്നു (വാ. 24-27, 21). അതുകൊണ്ട്, സ്വർഗരാജ്യത്തിന്റെ ഭരണഘടനയുടെ ഉപസംഹാരം നമ്മെ ഇടുക്കമുള്ള കവാടത്തിലൂടെ, ഞെരുക്കമുള്ള വഴിയിലേക്ക് ആനയിക്കുന്നു: അങ്ങനെ നമുക്ക് പിതാവിന്റെ ഹിതം ചെയ്യുകയും ഭവനം പണിയുകയും ചെയ്യാം.

സ്വർഗരാജ്യത്തിന്റെ ഭരണഘടനയെ മൊത്തത്തിൽ നാം പരിഗണിക്കുമ്പോൾ, അത് രാജ്യജനം എന്താണെന്നും, അവർ എന്തായിരിക്കണമെന്നും, അവർ എന്തു ചെയ്യണമെന്നും പൂർണ്ണമായി വെളിപ്പെടുത്തുന്നു എന്നു നാം കാണുന്നു. അവർ എവിടെയാണെന്നും അവർ എവിടെ പോകുന്നുവെന്നും അതു വെളിപ്പെടുത്തുന്നു. ഞെരുക്കമുള്ള വഴിയിൽ നാം സ്വർഗീയ പിതാവിന്റെ ഹിതം ചെയ്യുകയും, സ്വർഗീയ രാജാവിന്റെ വചനമനുസരിച്ച് ഒരു വീടു പണിയുകയും വേണമെന്ന് അതു വെളിപ്പെടുത്തുന്നു. ഭരണഘടനയുടെ അവസാനത്തെ ഭാഗത്ത് കോപമോ, മോഹമോ, സ്വയമോ, ജഡമോ, ആകുലചിന്തയോ, മറ്റുള്ളവരോടുള്ള നമ്മുടെ മനേഭാവത്തെക്കുറിച്ചുള്ള ഒരു വാക്കോ ഇല്ല. പകരം, നിർണ്ണായകമായ നാലു വാക്കുകളുണ്ട്: കവാടവും, വഴിയും, ഹിതവും, വീടും. ഇവിടെ നമുക്ക് ഇടുക്കമുള്ള കവാടവും, ഞെരുക്കമുള്ള വഴിയും, സ്വർഗീയ പിതാവിന്റെ ഹിതവും, സ്വർഗീയ രാജാവിന്റെ ജ്ഞാനമുള്ള വചനമായ പാറമേൽ പണിത വീടും ഉണ്ട്. നാം ഒമ്പത് അനുഗ്രഹങ്ങളിൽ വിവരിച്ചിരിക്കുന്ന ജനമല്ലാതിരിക്കുകയും, പൂർണ്ണമാക്കുകയും മാറ്റംവരുത്തുകയും ചെയ്ത പ്രമാണങ്ങളെ നിറവേറ്റാതിരിക്കുന്ന ജനമായിരിക്കുകയും ചെയ്യുന്നെങ്കിൽ, നമുക്ക് ഇടുക്കമുള്ള കവാടത്തിലൂടെ പ്രവേശിക്കുവാനോ, ഞെരുക്കമുള്ള വഴിയിൽ നടക്കുവാനോ, സ്വർഗീയ പിതാവിന്റെ ഹിതം ചെയ്യുവാനോ, പാറമേൽ വീടു പണിയുവാനോ കഴിയുകയില്ല. അങ്ങനെ, അവസാനത്ത ഈ ഭാഗം ഭരണഘടനയുടെ പരിസമാപ്തിയാണ്.

## A. ഇടുക്കമുള്ള കവടത്തിൽ പ്രവേശിക്കുന്നതും ഞെരുക്കമുള്ള വഴി എടുക്കുന്നതും

13-ഉം 14-ഉം വാക്യങ്ങൾ പറയുന്നു, "ഇടുക്കമുള്ള കവാടത്തിലൂടെ

അകത്തു പ്രവേശിക്കുവിൻ; എന്തെന്നാൽ നാശത്തിലേക്കു നയിക്കുന്ന കവാടം വീതിയുള്ളതും വഴി വിശാലവും, അതിൽക്കൂടി പ്രവേശിക്കുന്നവർ അനേകരും ആകുന്നു. ജീവനിലേക്കു നയിക്കുന്ന കവാടം ഇടുക്കമുള്ളതും വഴി ഞെരുക്കമുള്ളതും ആയതിനൽ, അതിനെ കണ്ടെത്തുന്നവർ ചുരുക്കമാകുന്നു." വാക്യം 13-ൽ പറഞ്ഞിരിക്കുന്ന ഇടുക്കമുള്ള കവാടത്തിലൂടെ ആർക്ക് പ്രവേശിക്കുവാൻ കഴിയും? അഞ്ചാം അധ്യായത്തിലെ ഒമ്പത് അനുഗ്രഹങ്ങളിൽ വിശദീകരിച്ചിരിക്കുന്ന പ്രകൃതത്തോടു കൂടെയുള്ള രാജ്യജനത്തിനു മാത്രം. ഇടുക്കമുള്ള കവാടത്തിൽ പ്രവേശിക്കുന്നവർ ആത്മാവിൽ ദരിദ്രരും, വിലപിക്കുന്നവരും, സൗമ്യതയുള്ളവരും, നീതിക്കുവേണ്ടി വിശന്നും ദാഹിച്ചുമിരിക്കു ന്നവരും, കരുണയുള്ളവരും, ഹൃദയശുദ്ധിയുള്ളവരും, സകല മനുഷ്യരുമായി സമാധാനം ഉണ്ടാക്കുന്നവരും, നീതിനിമിത്തം ഉപദ്രവിക്കപ്പെടുവാൻ മനസ്സുള്ളവരും, ക്രിസ്തുവിനുവേണ്ടി നിന്ദിക്കപ്പെടുവാൻ മനസ്സുള്ളവരും ആയിരിക്കണം. ഇങ്ങനെയുള്ള ഒരു പ്രകൃതം ഉള്ളവർക്കു മാത്രമേ ഇടുക്കമുള്ള കവാടത്തിലൂടെ പ്രവേശിക്കുവാൻ കഴിയുകയുള്ളൂ. കൂടാതെ, ഇടുക്കമുള്ള ഈ കവാടത്തിലൂടെ പ്രവേശിക്കുന്നവർ പൂർണ്ണമാക്കപ്പെട്ടതും മാറ്റപ്പെട്ടതുമായ രാജ്യത്തിന്റെ ഉയർന്ന പ്രമാണങ്ങൾക്ക് കീഴിലുള്ളവരും, തങ്ങളുടെ ജീവിതത്തെക്കുറിച്ച് യാതൊരു ആകുലചിന്തയും ഇല്ലാത്തവരും ആയിരിക്കണം. പകരം, അവരുടെ സ്വർഗീയ പിതാവ് അവരെ കരുതുന്നുവെന്ന ഉറപ്പ് അവർക്കുണ്ടായി രിക്കണം. കൂടാതെ, അവർ മടിയരോ നിഷ്ക്രിയരോ ആയിരിക്കാതെ, ശുഷ്കാന്തിയുള്ളവരും അധ്വാനശീലരും ആയിരിക്കണം. ഇവരാണ് ഇടുക്കമുള്ള കവാടത്തിലൂടെ പ്രവേശിക്കുകയും ഞെരുക്കമുള്ള വഴിയിൽ നടക്കുകയും ചെയ്യുന്ന ജനം.

ഈ വഴി എല്ലാ വശത്തും ഞെരുക്കവും പരിമിതിയും ഉള്ളതാണ്. രാജ്യത്തിന്റെ പുതിയ പ്രമാണം കർക്കശമേറിയതും രാജ്യത്തിന്റെ ആവശ്യകത പഴയ ഉടമ്പടിയുടേതിനെക്കാൾ ഉയർന്നതും ആയതുകൊണ്ട് കവാടം ഇടുക്കവും വഴി ഞെരുക്കവുമാണ്. ഇത് പുറമേയുള്ള സ്വഭാവത്തോടു മാത്രമല്ല, അകമേയുള്ള ഉദ്ദേശ്യത്തോടും ഇടപെടുന്നു. പഴയ മനുഷ്യനും, സ്വയവും, ജഡവും, മാനുഷിക ധാരണയും, ലോകവും അതിന്റെ മഹത്വവുമെല്ലാം ഒഴിവാ ക്കപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ ഹിതത്തോട് അനുയോജ്യമായതു മാത്രമേ അകത്ത് പ്രവേശിക്കുകയുള്ളൂ. രാജ്യജനം ഒന്നാമത് ഇങ്ങനെയുള്ള ഒരു ഇടക്കമുള്ള കവാടത്തിൽ പ്രവേശിക്കുകയും പിന്നീട് ഇങ്ങനെയുള്ള ഞെരുക്കമുള്ള ഒരു വഴിയിൽ നടക്കുകയും വേണം. ആദ്യം വഴിയിൽ നടക്കുകയും പിന്നീട് കവാടത്തിൽ പ്രവേശിക്കുകയും ചെയ്യുന്നില്ല. കവാടത്തിൽ പ്രവേശിക്കുക യെന്നാൽ, ആജീവനാന്തമുള്ള വഴിയിൽ നടന്നു തുടങ്ങുന്നതാണ്.

നാം എല്ലാവരും കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ സന്തുഷ്ടരും പ്രത്യുദ്ധാരത്തെ വളരെയധികം വിലമതിക്കുന്നവരുമാണ്. എന്നാൽ ഞാൻ നിങ്ങളോട് ഈ ചോദ്യം ചോദിക്കട്ടെ: കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ള ഒരുവനെന്ന നിലയിൽ നിങ്ങൾ ഞെരുക്കമുള്ള വഴിയിലാണോ നടക്കുന്നത്? ക്രിസ്റ്റുമതത്തിന്റെ വഴിയല്ല, ഞെരുക്കമുള്ള വഴിയാണ് നാം എടുക്കുന്നതെന്ന് പറയുവാൻ നാം എല്ലാവരും പ്രാപ്തരായിരിക്കണം. എല്ലാ വശത്തും നാം ഞെരുക്കപ്പെട്ടവരാണ്. ക്രിസ്റ്റുമതത്തിലുള്ളവർക്ക് അവരുടെ സേവനങ്ങളിൽ റോക്ക് മ്യൂസിക്കോ മറ്റ് ലൗകിക രീതികളോ ഉപയോഗിക്കുവാൻ കഴിയും; എന്നാൽ നമുക്ക് കഴിയുകയില്ല, കാരണം നമ്മുടെ വഴി ഞെരുക്കമുള്ളതാണ്. എല്ലാ യുവാക്കളും സ്വതന്ത്രരായിരിക്കുവാൻ, അതായത്, എല്ലാ നിയന്ത്രണത്തെയും എടുത്തുകളയുവാൻ, ആഗ്രഹിക്കുന്നു. യുവാക്കൾ ഹൈസ്കൂളിൽനിന്നും ജയിക്കുമ്പോൾ, അവർ സ്വതന്ത്രരാകുവാൻ ആഗ്രഹിക്കുന്ന കൂട്ടിലടയ്ക്കപ്പെട്ടിരുന്ന പക്ഷികളെപ്പോലെയാണ്. എന്നാൽ ചിലർ യാതൊരു ഞെരുക്കവുമില്ലാതെ, യാതൊരു നിയന്ത്രണവുമില്ലാതെ വളരെ സ്വതന്ത്രരാണ്. അതിനു വിരുദ്ധമായി, കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ള നാം ഞെരുക്കമുള്ള വഴി എടുക്കുന്നു. പ്രാർഥനാ-വായന ചെയ്യുന്നതിൽപോലും കുറച്ച് നിയന്ത്രണം നമുക്കുണ്ടായിരിക്കണം. നമ്മുടെ പ്രാർഥനാ-വായനയിൽ, ഒരു പന്തുകളിയിൽ നിയന്ത്രണങ്ങളില്ലാതിരിക്കുന്ന ലൗകികരായ ആളുകളെപ്പോലെ നാം ആയിരിക്കരുത്. കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ള നാം നമ്മുടെ ആത്മാവിൽ നടക്കണം. ആത്മാവിൽ ജീവിക്കുന്നതും ആത്മാവിൽ നടക്കുന്നതും നമ്മെ നിയന്ത്രിക്കുന്നു. നാം സ്തോഹിക്കുകയും, ആഹ്ലാദിക്കുകയും, സന്തോഷിക്കുകയും ചെയ്യുമ്പോൾപോലും നാം നിയന്തണത്തിൻകീഴിൽ ആയിരിക്കണം. തങ്ങളുടെ ആവേശത്തിൽ സകല നിയന്ത്രണത്തെയും വലിച്ചെറിയുന്നവരെപ്പോലെ നാം ആയിരിക്കരുത്. മറിച്ച്, ആത്മാവിന്റെ പരിമിതിക്കുള്ളിൽ നാം ആവേശമുള്ളവരായിരിക്കണം. യോഗങ്ങളിൽപോലും അത് അങ്ങനെ തന്നെയായിരിക്കണം. നമ്മുടെ ആത്മാവിനെ നാം പൂർണ്ണമായി വിടുവിക്കുമെങ്കിലും, ശാരീരിക പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം നാം നിയന്ത്രിക്കപ്പെട്ടിരിക്കണം. സകലത്തിലും നാം, വിശാലമായ വഴിയല്ല, ഞെരുക്കമുള്ള വഴി എടുക്കേണ്ടത് ആവശ്യമാണ്.

സഹോദരന്മാരുമായുള്ള നമ്മുടെ കൂട്ടായ്മയിൽ നാം ഞെരുക്കമുള്ള വഴി എടുക്കണം. ഒരു സഹോദരനെ പുകഴ്ത്തുവാൻ നിങ്ങൾ ഇച്ഛിക്കുന്നുവോ? ഞെരുക്കമുള്ള വഴിയിൽ നിങ്ങൾ അവനെ പുകഴ്ത്തണം. ഒരു സഹോദരനെ നിങ്ങൾ ശാസിക്കുവാൻ പോകുകയാണോ? ഞെരുക്കമുള്ള വഴിയിൽ നിങ്ങൾ അവനെ ശാസിക്കണം. ചില സഹോദരന്മാരുമായി നിങ്ങൾ കൂട്ടായ്മ

ആചരിക്കുകയാണോ? ഇത് ശ്രേഷ്ഠമാണ്, എന്നാൽ അവരുമായി ഞെരുക്കമുള്ള വഴിയിൽ നിങ്ങൾ കൂട്ടായ്മ ആചരിക്കണം. ചിലപ്പോൾ നിങ്ങൾ കൂട്ടായ്മ ആചരിക്കുമ്പോൾ സകല പരിമിതിയും മറന്നുപോകുന്നു. ഭക്ഷണത്തിന്റെയോ വിശ്രമത്തിന്റെയോ ആവശ്യത്തെ ശ്രദ്ധിക്കാതെ മണിക്കൂറുകൾ നിങ്ങൾ മുന്നോട്ടു പോകുന്നു. കൂടാതെ, നിങ്ങളുടെ കൂട്ടായ്മയിൽ സഭയിലുള്ള സകല സഹോദരീ സഹോദരന്മാരോടും നിങ്ങൾ പ്രധാനദൂതനായ മീഖായേൽ മുതൽ മാർട്ടിൻ ലൂഥർ വരെ സകലത്തെയുംകുറിച്ച് സംസാരിക്കുന്നു. യാതൊരു നിയന്ത്രണവുമില്ലാതെ നിങ്ങൾ എല്ലാവരെയുംകുറിച്ച് കൂട്ടായ്മ ആചരിക്കുന്നു. നാം വാസ്തവമായും സ്വതന്ത്രരാണെന്നതിനായി കർത്താവിനെ സ്തുതിക്കുന്നു. എന്നിരുന്നാലും, നമുക്ക് പരിമിതികളും നിയന്ത്രണങ്ങളും ഞെരുക്കങ്ങളും ഉണ്ട്.

യോഹന്നാൻ ഏഴാം അധ്യായത്തിലെ കർത്താവായ യേശുവിന്റെ ഉദാഹരണം പരിഗണിക്കുക. താൻ യെഹൂദ്യയിലേക്കു പോയി ജനത്തിന് തന്നെത്തന്നെ വെളിപ്പെടുത്തുവാൻ തന്റെ സഹോദരന്മാർ നിർദ്ദേശിച്ചപ്പോൾ കർത്താവു പറഞ്ഞു, "എന്റെ സമയം ഇതുവരെ വന്നിട്ടില്ല, എന്നാൽ നിങ്ങളുടെ സമയം എപ്പോഴും ഒരുങ്ങിയിരിക്കുന്നു" (യോഹ. 7:6). കർത്താവിന്റെ വാക്ക് സൂചിപ്പിക്കുന്നത് അവൻ പരിമിതപ്പെട്ടവനായിരുന്നു, അവൻ ഞെരുക്കമുള്ള വഴിയിൽ നടക്കുകയായിരുന്നു എന്നാണ്. രാജ്യജനമെന്ന നിലയിൽ, നാമും ഞെരുക്കമുള്ള വഴിയിൽ നടക്കണം. നമ്മുടെ വഴി പരിമിതികളും, നിയന്ത്രണങ്ങളും, ഞെരുക്കങ്ങളും നിറഞ്ഞതാണ്. യാതൊരു പരിമിതിയെയും ഒരു തടസ്സമായി ചിന്തിക്കരുത്. മറിച്ച്, പരിമിതികൾ നമ്മുടെ വഴിൽ നമ്മെ വേഗതയുള്ളവരാക്കും. ഞെരുക്കമുള്ളവരായിരിക്കുവാൻ നാം നിരസിക്കുന്നുവെങ്കിൽ നമ്മുടെ പുരോഗമനം മെല്ലെയാക്കപ്പെടും. എന്നാൽ; പരിമിതപ്പെട്ടിരിക്കുവാനും ഞെരുക്കപ്പെട്ടിരിക്കുവാനും നമുക്ക് മനസ്സുണ്ടെങ്കിൽ, നമ്മുടെ വേഗത വർദ്ധിക്കും. ഭരണഘടനയുടെ മുൻപറഞ്ഞ ആറ് ഭാഗങ്ങളിലൂടെയും കടന്നുപോയതിനുശേഷം, അവസാനത്തെ ഭാഗത്തിൽ നമ്മെ ഇടുങ്ങിയ കവാടത്തിലൂടെ ആനയിക്കുകയും, നാം ഞെരുക്കമുള്ള വഴിയിലായിരിക്കുകയും ചെയ്യുന്നു.

Wed

### *1. വീതിയുള്ള കവാടവും വിശാലമായ വഴിയും നാശത്തിലേക്കു നയിക്കുകയും അനേകർ അതിൽ പ്രവേശിക്കുകയും ചെയ്യുന്നു*

വാക്യം 13-ൽ കർത്താവു പറഞ്ഞു, "എന്തെന്നാൽ നാശത്തിലേക്കു നയിക്കുന്ന കവാടം വീതിയുള്ളതും വഴി വിശാലവും അതിൽക്കൂടി പ്രവേശിക്കുന്നവർ അനേകരും

ആകുന്നു." ഇവിടെയുള്ള നാശം വ്യക്തിയുടെ നാശത്തെയല്ല, പിന്നെയോ അവന്റെ പ്രവൃത്തികളുടെയും വേലകളുടെയും നാശത്തെയാണ് പരാമർശിക്കുന്നത് (1 കൊരി. 3:15). ഇന്നത്തെ ക്രിസ്തുമതം ജനത്തെ നാശത്തിലേക്ക് നയിക്കുന്നു എന്നതിന് ഒരു സംശയവുമില്ല. ഇത് സത്യമാണെന്ന് കാലം തെളിയിക്കും. കർത്താവിന്റെ കരുണയാൽ, ഞാൻ ഒരിക്കലും ക്രിസ്തുമതത്തിന്റെ മാർഗം എടുക്കുകയില്ല; കാരണം അത് നാശത്തിലേക്കു നയിക്കുന്ന വിശാലമായ വഴിയാണെന്ന് എന്റെ ഉള്ളിൽ ആഴത്തിലുള്ള ബോധം എനിക്കുണ്ട്. എന്നാൽ ഇടുക്കമുള്ള കവാടവും ഞെരുക്കമുള്ള വഴിയും ജീവനിലേക്കു നയിക്കുന്നു. നിങ്ങൾ ക്രിസ്തുമതത്തിന്റെ മാർഗമായ വിശാലമായ വഴി എടുക്കുന്നുവെങ്കിൽ, നിങ്ങളുടെ ആത്മാവ് ഉടനെതന്നെ നിർജ്ജീവമായിത്തീരും. ഒടുവിൽ, നിങ്ങൾ ചെയ്യുന്ന സകലവും നശിപ്പിക്കപ്പെടും, കാരണം ആ വിശാലമായ വഴി നാശത്തിലേക്ക് നയിക്കുന്നു. ഇത് എന്റെ അഭിപ്രായമല്ല: ഇത് 1 കൊരിന്ത്യർ 3-ലുള്ള അപ്പൊസ്തലനായ പൗലൊസിന്റെ വാക്കാണ്.

താൻ ക്രിസ്തു എന്ന അടിസ്ഥാനം ഇട്ടുവെന്നും, മറ്റുള്ളവർ അതിന്മേൽ പണിയുന്നുവെന്നും 1 കൊരിന്ത്യർ 3:10-ൽ പൗലൊസ് പറയുന്നു. പിന്നീട് പൗലൊസ് പറയുന്നു, "എന്നാൽ ഓരോരുത്തനും അതിന്മേൽ എങ്ങനെ പണിയുന്നുവെന്ന് സൂക്ഷിച്ചുകൊള്ളട്ടെ," കാരണം, ഈ അടിസ്ഥാനത്തിന്മേൽ നാം പൊന്ന്, വെള്ളി, വിലയേറിയ കല്ലുകൾ എന്നിവകൊണ്ടോ, മരം, പുല്ല്, വൈക്കോൽ എന്നിവകൊണ്ടോ പണിയാം. 13 മുതൽ 15 വരെയുള്ള വാക്യങ്ങളിൽ പൗലൊസ് പറയുന്നു, "ഓരോരുത്തന്റെയും വേല വെളിവായിത്തീരും; അതു തീയാൽ വെളിപ്പെടുന്നതിനാൽ ആ നാൾ അതിനെ പ്രഖ്യാപിക്കും, ഓരോരുത്തന്റെയും വേല ഏതു തരത്തിലുള്ളതെന്ന് തീ തന്നെ തെളിയിക്കും. അടിസ്ഥാനത്തിന്മേൽ പണിത ആരുടെയെങ്കിലും വേല നിലനിന്നാൽ അവന് പ്രതിഫലം ലഭിക്കും. ആരുടെയെങ്കിലും വേല വെന്തുപോയാൽ അവന് നഷ്ടമുണ്ടാകും. അവൻ രക്ഷിക്കപ്പെടും, എങ്കിലും തീയിലൂടെ എന്നപോലെയത്രേ." ഈ വാക്യങ്ങളിൽ പൗലൊസ് ഇങ്ങനെ പറയുന്നതായി തോന്നുന്നു, "നിങ്ങൾ എങ്ങനെ പണിയുന്നു എന്ന് സൂക്ഷിച്ചുകൊള്ളുവിൻ. നിങ്ങൾ പൊന്നും, വെള്ളിയും, വിലയേറിയ കല്ലുകളുംകൊണ്ട് പണിയുന്നുവെങ്കിൽ നിങ്ങൾക്ക് പ്രതിഫലം ലഭിക്കും." ഇത് ജീവനിലുള്ള, ജീവനുള്ള പ്രതിഫലത്തിലേക്കു നയിക്കുന്ന ഞെരുക്കമുള്ള വഴിയിലെ വേലയാണ്. എങ്കിലും, പൗലൊസ് ഇങ്ങനെയും പറയുന്നതായി തോന്നുന്നു, "നിങ്ങളുടെ വേല മരവും, പുല്ലും, വൈക്കോലും കൊണ്ടാണെങ്കിൽ, അത് തീയാൽ വെന്തുപോകുകയും, നിങ്ങൾക്ക് പ്രതിഫലം ലഭിക്കാതിരിക്കുകയും ചെയ്യും." മറ്റൊരു വിധത്തിൽ പറഞ്ഞാൽ,

ഇങ്ങനെയുള്ള വേല നാശത്തിൽ പരിണമിക്കും. നിങ്ങൾ ഒരു ക്രിസ്തീയ വേലക്കാരെനാണെന്ന് നിങ്ങൾ അവകാശപ്പെടുന്നുണ്ടാകാം, എന്നാൽ എന്തുതരം വസ്തുകൊണ്ടാണ് നിങ്ങൾ പണിയുന്നത്? 1 കൊരിന്ത്യർ 3-ലുള്ള ഈ വാക്യങ്ങളിൽ നാം കാണുന്നത്, തീയേറ്ററുകളും, ചൂതാട്ടസ്ഥലങ്ങളും പണിയുന്നവർ മാത്രമല്ല, ക്രിസ്തീയ പള്ളികളും കുരിശുപള്ളികളും പണിയുന്നവരും നാശത്തിലേക്ക് നയിക്കപ്പെടും എന്നാണ്. തീ നിങ്ങളുടെ വേലയുടെ സ്വഭാവത്തെ ശോധന ചെയ്യും. നിങ്ങളുടെ വേല മരത്തിന്റെയും, പുല്ലിന്റെയും, വൈക്കോലിന്റെയും വേലയാണെങ്കിൽ, അത് നിശ്ചയമായും നാശത്തിലേക്കു നയിക്കുന്ന വിശാലമായ വഴിയിലാണ്.

നാം വിശാലമായ വഴിയിലല്ല, മറിച്ച് ഞെരുക്കമുള്ള വഴിയിലായതുകൊണ്ട് നമുക്ക് ചെയ്യാൻ കഴിയാത്ത നിരവധി കാര്യങ്ങളുണ്ട്. നിരവധി കിലോ തടിയെക്കാൾ ഒരു ഔൺസ് പൊന്നുണ്ടായിരിക്കുന്നത് ഞാൻ ഇഷ്ടപ്പെടുന്നു. തടി, പുല്ല്, വൈക്കോൽ എന്നിവയുടെ വലിയൊരു കൂമ്പാരം ഞാൻ ആഗ്രഹിക്കുന്നില്ല, കാരണം അത് വലിയ തീയിൽ മാത്രമേ പരിണമിക്കുകയുള്ളൂ. മറിച്ച്, അല്പം മാത്രം പൊന്നും, വെള്ളിയും, വിലയേറിയ കല്ലുകളും ഉണ്ടായിരിക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നു. എല്ലാ സഭകളിലും വർധനവ് കാണുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിലും, വിശാലമായ വഴിയിലുള്ള വർധനവ് നാം ആഗ്രഹിക്കുന്നില്ല. മറിച്ച്, ഞെരുക്കമുള്ള വഴിയിലുള്ള വർധനവ്, പൊന്നിന്റെയും, വെള്ളിയുടെയും, വിലേയേറിയ കല്ലുകളുടെയും വർധനവ് നാം ആഗ്രഹിക്കുന്നു. ഇത്തരത്തിലുള്ള വർധനവ് നമുക്കുണ്ടെങ്കിൽ, കർത്താവിന് ഞെരുക്കമുള്ള വഴിയിലുള്ള ഒരു സാക്ഷ്യം ഉണ്ടായിരിക്കും.

### *2. ഇടുക്കമുള്ള കവാടവും ഞെരുക്കമുള്ള വഴിയും ജീവനിലേക്ക് നയിക്കുന്നു, ചുരുക്കംപേർ അത് കണ്ടെത്തുന്നു*

വാക്യം 14 പറയുന്നു, "ജീവനിലേക്കു നയിക്കുന്ന കവാടം ഇടുക്കവും, വഴി ഞെരുക്കവും ആയതിനാൽ അതിനെ കണ്ടെത്തുന്നവർ ചുരുക്കം ആകുന്നു." ഇവിടെ ജീവൻ, ദൈവത്തിന്റെ നിത്യജീവൻ കൊണ്ടുനിറഞ്ഞ രാജ്യത്തിന്റെ സദാ അനുഗൃഹീതമായ അവസ്ഥയെ പരാമർശിക്കുന്നു. ഈ ജീവൻ ഇന്ന് രാജ്യത്തിന്റെ യാഥാർഥ്യത്തിലാണുള്ളത്; വരാനിരിക്കുന്ന യുഗത്തിൽ അത് രാജ്യത്തിന്റെ പ്രത്യക്ഷതയിലായിരിക്കും (19:29; ലൂക്കൊ. 18:30). ഇന്ന് കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ജീവനിലേക്കു നയിക്കുന്ന ഞെരുക്കമുള്ള വഴി നാം എടുത്തുകൊണ്ടിരിക്കുന്നു.

## B. തങ്ങളുടെ ഫലത്താൽ കള്ളപ്രവാചകന്മാരെ തിരിച്ചറിയുന്നു

വാക്യം 15 പറയുന്നു, "കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊള്ളുവിൻ, അവർ ആടുകളുടെ വേഷത്തിൽ നിങ്ങളുടെ അടുക്കൽ വരുന്നു: എന്നാൽ അകമെ കടിച്ചുകീറുന്ന ചെന്നായ്ക്കൾ ആകുന്നു." നാം ഞെരുക്കമുള്ള വഴി എടുക്കുമ്പോൾ, കള്ളപ്രവാചകന്മാർ ആരെന്ന് നാം തിരിച്ചറിയണം. ഇത് അർഥമാക്കുന്നത് ഞെരുക്കമുള്ള വഴിയിൽ ഏതു തരത്തിലുള്ള വ്യാജത്തെയുംകുറിച്ച് നാം ശ്രദ്ധാലുക്കളായിരിക്കണം എന്നാണ്. കള്ളപ്രവാചകന്മാരെ സംബന്ധിച്ച് കർത്താവു പറഞ്ഞു, "അവരുടെ ഫലങ്ങളാൽ നിങ്ങൾ അവരെ തിരിച്ചറിയും" (വാ. 16). നാം ഒരു പ്രവാചകനെ അറിയുന്നത് അവന്റെ സംസാരത്താലോ, പ്രസംഗത്താലോ, വേലയാലോ അല്ല, അവന്റെ ഫലത്താലാണ്. ഇന്ന് എല്ലാ ക്രിസ്ത്യാനികളും ജനത്തിന്റെ സംസാരത്താൽ സ്വാധീനിക്കപ്പെടുന്നത് പതിവാക്കിയിരിക്കുന്നു. വശീകരണ വാക്കുകളാൽ വാക്ചാതുര്യത്തോടെ സംസാരിക്കുന്ന ഒരുവൻ അനേകരെ വശീകരിക്കുവാൻ പ്രാപ്തനാണ്. വാക്ചാതുര്യത്തോടുകൂടെയുള്ള സംസാരത്തെയോ വശീകരിക്കുന്ന വാക്കുകളെയോ ഒരിക്കലും കേൾക്കരുത്. മറിച്ച്, എന്തുതരം ഫലം ഉളവാക്കപ്പെടുന്നു എന്ന് കാത്തിരുന്നു കാണുക. ഇതാണ് ഒരു പ്രവാചകൻ സത്യമാണോ വ്യാജമാണോ എന്ന് വിവേചിക്കാനുള്ള മാർഗം.

സഭ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയും, കർത്താവിന്റെ സാക്ഷ്യം ലോകമാകമാനം പടരുകയും ചെയ്യുന്നു. വാതിലുകൾ വിശാലമായി തുറക്കപ്പെട്ടിരിക്കുന്നതുകൊണ്ട്, തങ്ങൾക്ക് ചില കാര്യങ്ങൾ അറിയാമെന്നും തങ്ങൾക്ക് ചില വേല ചെയ്യുവാൻ കഴിയുമെന്നും അവകാശപ്പെട്ടുകൊണ്ട് സ്വയം-നിയമിതരായ ചില പ്രവാചകന്മർ കടന്നുവരുവാൻ ശ്രമിച്ചേക്കാം. അവർക്കിഷ്ടമുള്ളത് അവർ പറഞ്ഞോട്ടെ, അവരുടെ ഫലത്താൽ അവരെ പരിശോധിക്കുവാൻ നമുക്ക് കർത്താവിലേക്കു നോക്കാം. ഇങ്ങനെയുള്ള ഓരോ സംഭവത്തോടും നാം ഈ തത്ത്വം പ്രയോഗിക്കണം. വാക്ചാതുര്യമുള്ള പ്രസംഗം കേൾക്കരുത്, മറിച്ച് ഫലത്തെ പരിഗണിക്കുക. ഏതു നല്ല വൃക്ഷവും നല്ല ഫലം ഉളവാക്കുന്നു, എന്നാൽ ദുഷിച്ച വൃക്ഷം ചീത്ത ഫലം ഉളവാക്കുന്നു. നല്ല ഫലം ഉളവാക്കാത്ത ഏതു വൃക്ഷത്തെയും വെട്ടി തീയിലേക്ക് എറിയുന്നു (7:17-19).

## C. സ്വർഗരാജ്യത്തിലേക്ക് പ്രവേശിക്കുന്നതിന്റെ നിബന്ധന

### *1. കേവലം കർത്താവിനെ വിളിക്കുന്നതല്ല, പിന്നെയോ സ്വർഗീയ പിതാവിന്റെ ഹിതം ചെയ്യുന്നത്*

വാക്യം 21 പറയുന്നു, "എന്നോട് കർത്താവേ, കർത്താവേ

എന്നു പറയുന്ന ഏവനുമല്ല, എന്നാൽ സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഹിതം ചെയ്യുന്നവൻ സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കും." ഇത് ഇന്നുള്ള സ്വർഗരാജ്യത്തിന്റെ യാഥാർഥ്യത്തെയല്ല, പിന്നെയോ ഭാവിയിലുള്ള രാജ്യത്തിന്റെ പ്രത്യക്ഷതയെ ആണ് പരാമർശിക്കുന്നത്. സ്വർഗരാജ്യത്തിലേക്ക് പ്രവേശിക്കുന്നതിന് നമുക്ക് രണ്ടു കാര്യങ്ങൾ ആവശ്യമാണ്: കർത്താവിനെ വിളിക്കുന്നതും സ്വർഗീയ പിതാവിന്റെ ഹിതം ചെയ്യുന്നതും. നാം രക്ഷിക്കപ്പെടുവാൻ കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ചാൽ മതി (റോമ. 10:13); എന്നാൽ സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കുന്നതിന് നാം സ്വർഗീയ പിതാവിന്റെ ഹിതം ചെയ്യുകയുംകൂടി വേണം. തന്മൂലം, "കർത്താവേ, കർത്താവേ എന്നു പറയുന്ന ഏവനുമല്ല....സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കുന്നത്,"പിന്നെയോ കർത്താവിനെ വിളിക്കുകയും സ്വർഗീയ പിതാവിന്റെ ഹിതം ചെയ്യുകയും ചെയ്യുന്നവരാണ്.

സ്വർഗരാജ്യത്തിലേക്ക് പ്രവേശിക്കുന്നത് സ്വർഗീയ പിതാവിന്റെ ഹിതം ചെയ്യുന്നതുംകൂടി ആവശ്യപ്പെടുന്നതിനാൽ, വീണ്ടുംജനിക്കുന്നതിലൂടെ ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുന്നതിൽനിന്നും ഇത് വ്യക്തമായും വ്യത്യസ്തമാണ് (യോഹ. 3:3, 5). ഒടുക്കം പറഞ്ഞത് ദിവ്യജീവനാലുള്ള ജനനത്താലാണ്; ആദ്യം പറഞ്ഞത് ആ ജീവനാൽ ജീവിക്കുന്നതിനാലാണ്.

വാക്യം 21-ൽ "നിങ്ങളുടെ പിതാവ്" എന്നല്ല, "എന്റെ പിതാവ്" എന്നാണ് കർത്താവു പറഞ്ഞത്. ഇവിടെ കർത്താവ് ഇങ്ങനെ പറയുന്നതായി തോന്നുന്നു, "മനുഷ്യപുത്രനും ദൈവപുത്രനുമായ ഞാൻ എന്റെ പിതാവിന്റെ ഹിതം ചെയ്തുപോരുന്നു. നിങ്ങൾ ദൈവത്തിന്റെ പുത്രന്മാരും എന്റെ സഹോദരന്മാരും ആണ്. അതുകൊണ്ട്, നിങ്ങൾ എന്റെ സഹചാരികളായിരിക്കുകയും ഞാൻ എടുക്കുന്ന അതേ വഴി എടുക്കുകയും വേണം. ഇപ്പോൾ നിങ്ങൾ നിങ്ങളുടെ പിതാവിന്റെയല്ല, മറിച്ച് എന്റെ പിതാവിന്റെ ഹിതം ചെയ്യാനുള്ളവരാണ്. നിങ്ങൾ എന്റെ സഹോദരന്മാരും, എന്റെ സഹചാരികളും, എന്റെ പങ്കാളികളും ആണ്. നിങ്ങളും ഞാനും ഒരേ വഴിയിൽ നടക്കുകയും, ഒരേ ഹിതം ചെയ്യുകയും ചെയ്യുന്നു. എന്റെ പിതാവിന്റെ ഹിതത്തിനനുസരിച്ച് നിങ്ങൾ എന്നോടുകൂടെ ജീവിക്കുന്നു." ഭരണഘടനയുടെ ഈ അവസാനത്തെ ഭാഗത്തിൽ നമ്മുടെ കോപത്തോടും, മോഹത്തോടും, സ്വയത്തോടും, ജഡത്തോടും, ആകുലചിന്തയോടും ഇടപെടുന്ന പ്രതിലോമപരമായ കാര്യമൊന്നും ഇല്ല. ഇത് തികച്ചും സ്വർഗസ്ഥനായ പിതാവിന്റെ ഹിതം ചെയ്യുന്ന അനുലോമപരമായ ഒരു കാര്യമാണ്. രാജ്യജനം പിതാവിന്റെ ഹിതം ചെയ്യുന്നതിനല്ലാതെ മറ്റൊന്നിനും വേണ്ടിയുള്ളവരല്ല. നാം ഇവിടെ ആയിരിക്കുന്നത് കേവലം നമ്മുടെ കോപത്തെയും, നമ്മുടെ മോഹങ്ങളെയും, നമ്മുടെ സ്വയത്തെയും,

നമ്മുടെ ജഡത്തെയും ജയിക്കുവാനും, മറ്റുള്ളവരോട് ദയയും സഹതാപവും ഉള്ളവരായിരിക്കുവാനുമല്ല. നാം ഇവിടെ ആയിരിക്കുന്നത് സ്വർഗീയ പിതാവിന്റെ ഹിതം നിവർത്തിക്കുവാൻ വേണ്ടിയാണ്. പിതാവിന്റെ ഹിതം ചെയ്യുന്നതിനായി നാം ഞെരുക്കമുള്ള വഴിയിൽ നടക്കേണ്ടത് ആവശ്യമാണ്. ലൗകികരായ തത്ത്വചിന്തകന്മാരുടെ ഉപദേശങ്ങളിൽ ദിവ്യജീവനോ, ദിവ്യപ്രകൃതമോ, ദിവ്യവഴിയോ ഇല്ല. എന്നാൽ ഇവിടെ സ്വർഗ രാജ്യത്തിന്റെ ഭരണഘടനയുടെ ആത്യന്തിക വിഷയം സ്വർഗീയ പിതാവിന്റെ ഹിതമാണ്. നമുക്കൊരു സ്വർഗീയ പിതാവുണ്ടെന്നും നാം ആ പിതാവിന്റെ പുത്രന്മാരാണെന്നും ഇത് അർഥമാക്കുന്നു. എങ്കിലും, ഭരണഘടനയുടെ അവസാനത്തെ ഭാഗത്തിൽ അത് ജീവന്റെ വിഷയം മാത്രമല്ല, പിതാവിന്റെ ഹിതത്തിന്റെയും വിഷയമാണ്. നമ്മുടെ പിതാവിന് നിവർത്തിക്കുവാൻ ഒരു ഹിതമുണ്ട്, എന്നാൽ അവന്റെ ജീവനാൽ മാത്രമേ നമുക്ക് അത് നിവർത്തിക്കുവാൻ കഴിയുകയുള്ളൂ. നാം സ്വർഗീയ പിതാവിന്റെ ജീവനിലും, ജീവനാലും ജീവിക്കണം. ഇത്തരത്തിലുള്ള ജീവൻ പിതാവിന്റെ ഹിതം ചെയ്യുന്നതിനു വേണ്ടിയാണ്.

സ്വർഗരാജ്യത്തിന്റെ ഭരണഘടനയിൽ പിതാവിന്റെ ഹിതം വാസ്തവത്തിൽ എന്താണെന്ന് നമുക്ക് കാണുവാൻ കഴിയുകയില്ല. എങ്കിലും അത് പതിനാറാം അധ്യായത്തിൽ വ്യക്തമായി വെളിപ്പെടുത്തിയിട്ടുണ്ട്. പിതാവിന്റെ ഹിതം പാറയായ പുത്രന്റെമേൽ സഭ പണിയുക എന്നതാണ്. ഇത് പ്രവൃത്തികളിലും, ലേഖനങ്ങളിലും, വെളിപ്പാടുപുസ്തകത്തിലും പൂർണ്ണമായി വികാസം പ്രാപിച്ചിരിക്കുന്നു. ദൈവത്തിന്റെ ദിവ്യവും, നിത്യവുമായ ഹിതം സഭ പണിയുക എന്നതാണെന്ന് പുതിയനിയമം വെളിപ്പെടുത്തുന്നു.

### *2. കർത്താവിന്റെ നാമത്തിൽ അനേകർ പ്രവചിക്കുകയും, ഭൂതങ്ങളെ പുറത്താക്കുകയും, നിരവധി വീര്യപ്രവൃത്തികൾ ചെയ്യുകയും ചെയ്യുന്നുവെങ്കിലും, സ്വർഗീയ പിതാവിന്റെ ഹിതപ്രകാരമല്ല*

വാക്യം 22 പറയുന്നു, "ആ നാളിൽ അനേകർ എന്നോട്, കർത്താവേ, കർത്താവേ നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും, നിന്റെ നാമത്തിൽ ഞങ്ങൾ ഭൂതങ്ങളെ പുറത്താക്കുകയും, നിന്റെ നാമത്തിൽ ഞങ്ങൾ അനേകം വീര്യപ്രവൃത്തികൾ ചെയ്യുകയും ചെയ്തില്ലയോ? എന്നു പറയും." "ആ നാളിൽ" എന്നത് ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ ദിവസത്തെ പരാമർശിക്കുന്നു (1 കൊരി. 3:13; 4:5; 2 കൊരി. 5:10). ന്യായവിധി ദിവസം, എല്ലാ വിശ്വാസികളും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിൽ നിൽക്കുമ്പോൾ, അവർ അവന്റെ നാമത്തിൽ പ്രവചിച്ചുവെന്നും, ഭൂതങ്ങളെ പുറത്താക്കിയെന്നും,

വീര്യപ്രവൃത്തികൾ ചെയ്തുവെന്നും കർത്താവിനോടു പറയുമെങ്കിലും കർത്താവ് അവരെ തിരസ്കരിക്കും.

### *3. കർത്താവ് അവരെ അംഗീകരിക്കാതെ അവരെ അധർമത്തിന്റെ വേലക്കാരായി കണക്കാക്കുന്നു*

വാക്യം 23 പറയുന്നു, "അപ്പോൾ ഞാൻ അവരോട്: ഞാൻ നിങ്ങളെ ഒരിക്കലും അറിഞ്ഞിരുന്നില്ല: അധർമത്തിന്റെ വേലക്കാരേ, എന്നെ വിട്ടുപോകുവിൻ എന്നു പ്രഖ്യാപിക്കും." "അറിഞ്ഞിരുന്നില്ല" എന്നത് "അംഗീകരിച്ചിരുന്നില്ല" എന്നാണ് അർഥമാക്കുന്നത്. റോമർ 7:15-ൽ ഇതേ യവനപദത്തെ "അനുവദിക്കുന്നില്ല" എന്ന് കിംഗ് ജയിംസ് ഭാഷ്യത്തിൽ വിവർത്തനം ചെയ്തിരിക്കുന്നു. ഈ വാക്യത്തിൽ പൗലൊസ് പറയുന്നു, "ഞാൻ പ്രവർത്തിക്കുന്നത് ഞാൻ അനുവദിക്കുന്നില്ല." കർത്താവിന്റെ നാമത്തിൽ പ്രവചിക്കുകയും, ഭൂതങ്ങളെ പുറത്താക്കുകയും, നിരവധി വീര്യപ്രവൃത്തികൾ ചെയ്യുകയും, എന്നാൽ സ്വർഗീയ പിതാവിന്റെ ഹിതപ്രകാരം ചെയ്യാതെയുമിരുന്നവരെയാണ് കർത്താവ് ഒരിക്കലും അംഗീകരിക്കാതിരുന്നത് (വാ. 21). അവർ ഈ കാര്യങ്ങൾ ചെയ്തു എന്നത് കർത്താവു നിഷേധിച്ചില്ല, എന്നാൽ അവ ചെയ്യപ്പെട്ടത് സ്വർഗീയ പിതാവിന്റെ ഹിതത്തിനൊത്തവണ്ണം അല്ലാത്തതുകൊണ്ട് ആ കാര്യങ്ങളെ അധർമമെന്ന് അവൻ പരിഗണിച്ചു. ദിവ്യ ഹിതത്തിനൊത്തവണ്ണമല്ല അവ ചെയ്യപ്പെട്ടിരുന്നത്. കർത്താവ് ഇങ്ങനെ പറയുന്നതായി തോന്നുന്നു, "നിങ്ങൾ എന്റെ നാമത്തിൽ പ്രവചിക്കുകയും, എന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും, എന്റെ നാമത്തിൽ നിരവധി വീര്യപ്രവൃത്തികൾ ചെയ്യുകയും ചെയ്തു. എന്നാൽ അവ ചെയ്യുവാൻ ഞാൻ നിങ്ങളെ ഒരിക്കലും അനുവദിച്ചിരുന്നില്ല. നിങ്ങൾ ഇവയെല്ലാം അധർമത്തിന്റെ മാർഗത്തിൽ ചെയ്തതുകൊണ്ട് ഞാൻ നിങ്ങളെ ഒരിക്കലും അംഗീകരിച്ചിട്ടില്ല. നിങ്ങളിൽത്തന്നെയും, നിങ്ങളുടെ സ്വന്തം ആഗ്രഹത്തിലും, എന്റെ പിതാവിന്റെ ഹിതത്തിനനുസരിച്ചല്ല, നിങ്ങളുടെ സ്വന്തം ഇംഗിതത്തിനനുസരിച്ചും നിങ്ങൾ അവ ചെയ്തു." അങ്ങനെ, കർത്താവിന്റെ നാമത്തിലാണെങ്കിൽപോലും, ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്യുന്നവർ സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കുകയില്ല, മറിച്ച് കർത്താവിൽനിന്നും വിട്ടുപോകും; അതായത്, വരുന്ന യുഗത്തിൽ രാജ്യത്തിന്റെ പ്രത്യക്ഷതയിൽനിന്നും അവർ തിരസ്കരിക്കപ്പെടും.

ഇവിടെ കർത്താവിന്റെ വാക്കിൽനിന്നും നാം കാണുന്നത് ചില വേലകൾ കർത്താവിന്റെ നാമത്തിൽ ചെയ്യാമെങ്കിലും, അത് ദൈവഹിതപ്രകാരം ആയിരിക്കണമെന്നില്ല എന്നാണ്. നിങ്ങൾ ഇത്തരം വേല ചെയ്യുകയാണോ, അതോ നിങ്ങൾ ദൈവത്തിന്റെ ഹിതം ചെയ്യുകയാണോ? ക്യാമ്പസുകളിൽ പോകുന്നതിനെക്കുറിച്ച് നാം വളരെയേറെ പറഞ്ഞിട്ടുണ്ട്, എന്നാൽ അവിടെ ഒരു വേല

ചെയ്യാനാണോ നാം പോകുന്നത്, അതോ നമ്മുടെ സ്വർഗീയ പിതാവിന്റെ ഹിതം ചെയ്യാനോ? യുവ സഹോദരീ സഹോദരന്മാരേ, ഈ ചോദ്യത്തിന് നിങ്ങൾ എങ്ങനെ ഉത്തരം പറയും? സ്വർഗീയ പിതാവിന്റെ ഹിതം ചെയ്യാനാണോ നിങ്ങൾ ക്യാമ്പസുകളിൽ പോകുന്നത്? നാം ചെയ്യുന്ന എന്തിലും, നാം സ്വർഗീയ പിതാവിന്റെ ഹിതം ചെയ്യുന്നു എന്ന ഉറപ്പ് നമുക്കുണ്ടായിരിക്കണം. അല്ലെങ്കിൽ, "അധർമത്തിന്റെ വേലക്കാരേ" എന്ന് കർത്താവായ യേശു നമ്മോടു പറയും. കർത്താവിന്റെ നാമത്തിൽ പ്രവചിക്കുന്നതുപോലും, പിതാവിന്റെ ഹിതമനസരിച്ചല്ലെങ്കിൽ, അത് ഒരു തരത്തിലുള്ള അധർമമാണ്. കൂടാതെ, ദൈവത്തിന്റെ ഹിതപ്രകാരമല്ലാതെ, കർത്താവിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുന്നതും കർത്താവിന്റെ നാമത്തിൽ വീര്യപ്രവൃത്തികൾ ചെയ്യുന്നതും, സ്വർഗീയ രാജാവിന്റെ ദൃഷ്ടിയിൽ അധർമമായി കണക്കാക്കപ്പെടുന്നു.

ഏത് ഓട്ടമത്സരത്തിലും ഓടുന്നവർ ശരിയായ വരികളിൽ ഓടണം. നിങ്ങൾ മറ്റുള്ളവരെക്കാൾ കൂടുതൽ വേഗത്തിൽ ഓടിയെങ്കിലും, നിങ്ങളുടെ വരിയുടെ വരകൾക്ക് പുറത്ത് നിങ്ങൾ ഓടുന്നുവെങ്കിൽ നിങ്ങളുടെ ഓട്ടം അംഗീകരിക്കപ്പെടുകയില്ല. പകരം, അത്തരത്തിലുള്ള ഓട്ടം അധർമമായി പരിഗണിക്കപ്പെടും. വരകൾക്കിടയിൽ നിങ്ങൾ ഓട്ടം ഓടണം, അതായത്, ഞെരുക്കമുള്ള വഴിയിൽ നിങ്ങൾ ഓടണം. ഇന്ന് നിരവധി ക്രിസ്ലീയ വേലക്കാരുടെ വേല സ്വർഗീയ വരകളാൽ നിയന്ത്രിക്കപ്പെട്ടതല്ല. അവരുടെ സ്വന്തം കണ്ണുകളിൽ കർത്താവിന്റെ നാമത്തിലും കർത്താവിനു വേണ്ടിയും അവർ ഒത്തിരി കാര്യങ്ങൾ ചെയ്തിരിക്കുന്നു. എന്നാൽ കർത്താവിന്റെ ദൃഷ്ടിയിൽ അവരുടെ വേല ഒരു തരത്തിലുള്ള അതിക്രമം, സ്വർഗീയ വരകളുടെ ഒരു ലംഘനം ആണ്. തന്മൂലം, അവരുടെ വേല അധർമമാണ്. 7:21-23-ലുള്ള കർത്താവിന്റെ വാക്ക്, നാം പ്രവചിക്കുന്നതിനു വേണ്ടിയോ, ഭൂതങ്ങളെ പുറത്താക്കുന്നതിനു വേണ്ടിയോ, വീര്യപ്രവൃത്തികൾക്കു വേണ്ടിയോ മാത്രം കരുതരുത് എന്നതിന്, നമുക്കെല്ലാവർക്കുമുള്ള ശക്തമായ ഒരു മുന്നറിയിപ്പിന്റെ വാക്കാണ്. നാം സ്വർഗീയ വരകളെ കരുതണം. സ്വർഗീയ ഓട്ടക്കളത്തിലെ ഓട്ടക്കാരനെന്ന നിലയിൽ നിങ്ങൾ വരകൾ അതിക്രമിക്കുന്നുവെങ്കിൽ, അയോഗ്യനാക്കപ്പെടും. കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ഞെരുക്കമുള്ള വരകളുള്ളതിനാൽ നമ്മുടെ ഓട്ടത്തിൽ നാം ഞെരുക്കപ്പെടണം. വരകൾക്ക് പുറത്തല്ല, അവയ്ക്കിടയിൽ നാം ഓടുന്നുവെങ്കിൽ നാം കർത്താവിനാൽ അംഗീകരിക്കപ്പെടും.

സ്വർഗരാജ്യത്തിന്റെ ഭരണഘടനയുടെ പരിണതി നമ്മെ ഇടുക്കമുള്ള കവാടത്തിലൂടെ ഞെരുക്കമുള്ള വഴിയിലേക്കു നടത്തുന്നതാണെന്ന് ഞാൻ വീണ്ടും പറയുന്നു. നാം ഇപ്പോൾ ഈ ഞെരുക്കമുള്ള വഴിയിൽ ഓടിക്കൊണ്ടിരിക്കുന്നു.

പ്രവചിക്കുന്നതിനോ, ഭൂതങ്ങളെ പുറത്താക്കുന്നതിനോ, വീര്യപ്രവൃത്തികൾ ചെയ്യുന്നതിനോവേണ്ടി നാം കരുതരുത്. പകരം, നമ്മുടെ സ്വർഗീയ പിതാവിന്റെ ഹിതം ചെയ്യുന്നതിനുവേണ്ടി മാത്രം നാം കരുതണം. പിതാവിന്റെ ഹിതം എങ്ങനെ അറിയുവാൻ കഴിയുമെന്ന് നിങ്ങൾ അത്ഭുതപ്പെടുന്നുണ്ടാകാം. നമ്മുടെ ഉള്ളിലുള്ള പിതാവിന്റെ ജീവനാലും പ്രകൃതത്താലും അത് നമുക്ക് അറിയുവാൻ കഴിയും. ദൈവത്തിന്റെ പ്രകൃതം എപ്പോഴും "അതെ" എന്നോ "അല്ല" എന്നോ നമ്മോടു പറയും. ദിവ്യപ്രകൃതത്തിനനുസരിച്ചും ഞെരുക്കമുള്ള വരകൾക്കുള്ളിലും നിങ്ങൾ ഓടിക്കൊണ്ടിരിക്കുന്നു വെങ്കിൽ, "അതെ, നീ നേരായ പാതയിലാണ്, മുന്നോട്ടു പോകുക" എന്ന് ദിവ്യപ്രകൃതം ചൂണ്ടിക്കാണിക്കും. എന്നാൽ നിങ്ങൾ ദിവ്യപ്രകൃ തത്തിനനുസരിച്ച് ഓടാതിരിക്കുകയോ വരകൾക്ക് പുറത്ത് ചുവടു വയ്ക്കുകയോ ചെയ്യുന്നുവെങ്കിൽ, ദിവ്യപ്രകൃതം പറയും, "ഈ വഴയിൽ പോകരുത്." എന്തു ചെയ്യണമെന്ന് ആരും നിങ്ങളോട് പറയേണ്ട ആവശ്യമില്ല; കാരണം, നിയന്ത്രിക്കുന്നതും ഞെരുക്കുന്നതുമായ ദിവ്യപ്രകൃതം നിങ്ങളുടെ ഉള്ളിൽ ഉണ്ട്. നിങ്ങൾ എവിടെയാണെന്ന് ഈ പ്രകൃതം നിങ്ങളോടു പറയുന്നു. ഓട്ടമത്സരത്തിലെ ഓട്ടക്കാരന് വരകൾ കാണുവാൻ കഴിയുന്നതുകൊണ്ട് അവൻ അതിർത്തികൾ ക്കുള്ളിലാണോ അല്ലയോ എന്ന് പറയുവാൻ അവന് ആരുടെയും ആവശ്യമില്ല. ഇതുപോലെ, നമ്മുടെ ഉള്ളിൽ നമുക്ക് ഞെരുക്കുന്ന വരകൾ, ദിവ്യജീവന്റെയും ദിവ്യപ്രകൃത്തിന്റെയും വരകൾ ഉണ്ട്; അങ്ങനെ നാം എവിടെയാണെന്ന് നമുക്കു പറയുവാൻ കഴിയും. നമ്മുടെ ഉള്ളിലുള്ള ദിവ്യപ്രകൃതത്തിനനുസരിച്ച്, നമ്മുടെ യോഗങ്ങളിൽ റോക്ക് മ്യൂസിക്ക് ഉപയോഗിക്കുവാൻ നമുക്ക് കഴിയുകയില്ല. വിവിധ ലോകപരമായ രീതികൾ നിങ്ങൾ ശ്രമിച്ചേ ക്കാമെങ്കിലും, ദിവ്യപ്രകൃതം അവയോടെല്ലാം വിയോജിക്കുകയും നിങ്ങൾ വരകൾ അതിക്രമിക്കുന്നുവെന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്യും. രാജ്യജനമായ എല്ലാവർക്കും, പിതാവാനാൽ വീണ്ടുംജനി പ്പിക്കപ്പെട്ടവരായ എല്ലാവർക്കും അവരുടെ ഉള്ളിൽ അവന്റെ ജീവനും പ്രകൃതവും ഉണ്ട്. നാം ഞെരുക്കമുള്ള വഴിയിലാണോ അല്ലയോ എന്ന് പിതാവിന്റെ ജീവനും പ്രകൃതവും ചൂണ്ടിക്കാണിക്കുന്നു. നമുക്കെല്ലാവർക്കും പിതാവിന്റെ പ്രകൃതത്തിനനുസരിച്ച് ഓട്ടം ഓടാം.

## D. രണ്ടു തരത്തിലുള്ള അടിസ്ഥാനത്തിന്മേലുള്ള രണ്ടു തരം കെട്ടുപണി

### *1. കർത്താവിന്റെ വചനങ്ങൾ അനുസരിച്ചുള്ള പാറമേലുള്ള പണി*

വാക്യം 24-ൽ രാജാവു പറഞ്ഞു, "അതുകൊണ്ട് എന്റെ ഈ വചനങ്ങൾ കേട്ട് അവയെ ചെയ്യുന്ന ഏവനും പാറമേൽ തന്റെ

വീടു പണിത വിവേകമുള്ള മനുഷ്യനോട് സദൃശനാകും." ഇവിടെ പാറ ക്രിസ്തുവിനെയല്ല, പിന്നെയോ അവന്റെ ജ്ഞാനമുള്ള വചനത്തെ, സ്വർഗസ്ഥനായ അവന്റെ പിതാവിന്റെ ഹിതത്തെ വെളിപ്പെടുത്തുന്ന വചനത്തെ പരാമർശിക്കുന്നു. രാജ്യജനത്തിന്റെ ജീവിതവും വേലയും സ്വർഗീയ പിതാവിന്റെ ഹിതം നിവർത്തിക്കുന്നതിനുവേണ്ടി പുതിയ രാജാവിന്റെ വചനത്തിന്മേൽ സ്ഥാപിക്കപ്പെട്ടിരിക്കണം. ഇതാണ് ജീവനിലേക്കു നയിക്കുന്ന ഇടുക്കമുള്ള കവാടത്തിൽ പ്രവേശിക്കുന്നതും ഞെരുക്കമുള്ള വഴിയിൽ നടക്കുന്നതും.

വാക്യം 25 പറയുന്നു, "മഴ പെയ്തിറങ്ങി, നദികൾ വന്നു, കാറ്റുകൾ വീശി, അവ ആ വീടിനെതിരെ അടിച്ചു; അത് വീണതുമില്ല, എന്തെന്നാൽ അത് പാറമേൽ അടിസ്ഥാനപ്പെട്ടിരുന്നു." മഴ ദൈവത്തിൽ നിന്നുള്ളതാണ്, അത് ആകാശത്തിൽനിന്നും ഇറങ്ങിവരുന്നു; നദികൾ മനുഷ്യനിൽ നിന്നുള്ളതാണ്, അത് ഭൂമിയിൽനിന്നും വരുന്നു; കാറ്റുകൾ സാത്താനിൽ നിന്നുള്ളതാണ്, അത് വായുവിൽനിന്നും വീശുന്നു. ഇവയെല്ലാം രാജ്യജനത്തിന്റെ ജീവിതത്തെയും വേലയെയും പരിശോധിക്കും. മഴ പെയ്തിറങ്ങുകയും, നദികൾ വരുകയും, കാറ്റുകൾ വീശുകയും ചെയ്യുമെങ്കിലും, പാറമേൽ പണിത വീട് വീഴുകയില്ല, കാരണം അത് ഞെരുക്കമുള്ള വഴിക്കനുസൃതമായി, പിതാവിന്റെ ഹിതം ചെയ്യുന്ന രീതിക്കനുസൃതമായി, പണിയപ്പെട്ടിരിക്കുന്നു. വീഴാത്തതായ, പാറമേൽ പണിത വീട് തീയുടെ പരിശോധനയെ അതിജീവിക്കുന്ന പൊന്നിന്റെയും, വെള്ളിയുടെയും, വിലയേറിയ കല്ലുകളുടെയും കെട്ടുപണിയുടെ വേലപോലെയാണ് (1 കൊരി. 3:12-13).

### *2. കർത്താവിന്റെ വചനങ്ങൾക്കനുസൃതമല്ലാത്ത മണലിന്മേലുള്ള പണി*

വാക്യം 26 പറയുന്നു, "എന്റെ ഈ വചനങ്ങൾ കേട്ട് അവയെ ചെയ്യാതിരിക്കുന്ന ഏവനും മണലിന്മേൽ തന്റെ വീടു പണിത മൂഢനായ മനുഷ്യനോട് സദൃശനാകും." ഇവിടെ മണൽ മാനുഷിക ധാരണകളെയും സ്വാഭാവിക വഴികളെയും പരാമർശിക്കുന്നു. നമ്മുടെ മാനുഷിക ധാരണകൾക്കും സ്വാഭാവിക വഴികൾക്കുമനസൃതമായി നാം ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുവെങ്കിൽ, നമ്മുടെ ജീവിതവും വേലയും താണുപോകുന്ന മണലിൽ സ്ഥാപിക്കപ്പെട്ടതായിരിക്കും. ഇത് നാശത്തിലേക്കു നയിക്കുന്ന വീതിയുള്ള കവാടത്തിൽ പ്രവേശിക്കുന്നതും വിശാലമായ വഴിയിൽ നടക്കുന്നതുമാണ്. വാക്യം 27 പറയുന്നു, "മഴ പെയ്തിറങ്ങി, നദികൾ വന്നു, കാറ്റുകൾ വീശി, അവ ആ വീടിനെതിരെ ആഞ്ഞടിച്ചു; അതു വീണു, അതിന്റെ വീഴ്ച വലുതായിരുന്നു." വീണുപോകുന്ന, മണലിന്മേൽപണിത വീട്, ശോധന കഴിക്കുന്ന

തീയാൽ വെന്തുപോകുന്ന മരത്തിന്റെയും, പുല്ലിന്റെയും, വൈക്കോലിന്റെയും കെട്ടുപണിയുടെ വേലപോലെയാണ് (1കൊരി. 3:12-15). നമ്മുടെ അഭിപ്രായത്തിന്മേലും ധാരണയിന്മേലും നമ്മുടെ വീട് പണിയുന്നത് താണുപോകുന്ന മണലിന്മേൽ വീടു പണിയുന്നതാണ്. മഴയും, നദികളും, കാറ്റുകളും മണലിന്മേൽ പണിത വീടിനെ ശോധന കഴിക്കുമ്പോൾ, ഉറപ്പുള്ള ഒരു അടിസ്ഥാനമില്ലാത്തതുകൊണ്ട് വീട് വീണുപോകും. ഇതാണ് സ്വർഗരാജ്യത്തിന്റെ ഭരണഘടനയെക്കുറിച്ചുള്ള കർത്താവിന്റെ ഉപസംഹാരം.

സ്വർഗരാജ്യത്തിന്റെ ഭരണഘടനയുടെ അടിസ്ഥാന ധാരണ രാജ്യജനം തങ്ങളോടുതന്നെ നീതിപരമായി കർക്കശക്കാരും, മറ്റുള്ളവരോട് കരുണയോടെ ദയയുള്ളവരും, ദൈവത്തോട് രഹസ്യമായി നിർമലരും ആയിരിക്കണം എന്നതാണ്.

ഈ ഭരണഘടന വർഷങ്ങളായി എന്നെ എത്രമാത്രം നിയന്ത്രിച്ചുവെന്ന് എനിക്ക് നിങ്ങളോടു പറയുവാൻ കഴിയുകയില്ല. എന്റെ ജീവിതവും, എന്റെ നടപ്പും, എന്റെ വേലയും ഈ ഭരണഘടനയിൻ കീഴിലാണെന്ന് എനിക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. നാം എല്ലാവരും നമ്മുടെ സ്വർഗീയ പിതാവിന്റെ ഹിതമനുസരിച്ച് ഉറപ്പുള്ള പാറമേൽ വീടു പണിയുവാൻ ഈ ഞെരുക്കമുള്ള വഴിയിലേക്ക് ആനയിക്കപ്പെടുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

## IX. സംസാരത്തിലുള്ള അധികാരം

28-ഉം 29-ഉം വാക്യങ്ങൾ പറയുന്നു, "യേശു ഈ വചനങ്ങളെ പറഞ്ഞുതീർന്നപ്പോൾ പുരുഷാരം അവന്റെ ഉപദേശത്തിൽ വിസ്മയിച്ചു. എന്തെന്നാൽ അവൻ അവരുടെ ശാസ്ത്രിമാരെപ്പോലെയല്ല അധികാരം ഉള്ളവനായിട്ടാകുന്നു അവരെ ഉപദേശിച്ചത്." സ്വർഗരാജ്യത്തിന്റെ പുതിയ രാജാവെന്ന നിലയിൽ ക്രിസ്തു രാജ്യത്തിന്റെ പുതിയ പ്രമാണം വിളംബരം ചെയ്യുന്നതിൽ അധികാരത്തോടുകൂടെ സംസാരിച്ചു.